# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *370 | 13.11.2019 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേക്കുയർത്തുവാൻ പദ്ധതി

*ചോദ്യം*

ശ്രീ.സജി ചെറിയാൻ
ശ്രീ. എ. എൻ. ഷംസീർ
ശ്രീ.സി.കെ. ഹരീന്ദ്രൻ
ശ്രീ റ്റി.വി.രാജേഷ് :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) തൊഴിൽ പരിശീലനത്തിലൂടെ മാനവവിഭവശേഷി വികസനം സാധ്യമാക്കുന്നതിന് സംസ്ഥാനത്തെ ഐ.ടി.ഐ.കളെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനായുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | | (എ) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐകളെ KIIFB യുടെ ധനസഹായത്തോടുകൂടി അന്തരാഷ്ട്രനിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>KIIFB യുടെ മാനദണ്ഡ പ്രകാരം പ്രോജക്റ്റിന് സാങ്കേതിക അനുമതി നൽകുന്നതിലേക്കായി ഒരു അഞ്ചംഗ ടെക്നിക്കൽ കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് സ്ട്രക്ചറൽ ഡ്രോയിംഗിന്റെ വെറ്റിംഗ് (സൂക്ഷ്മ പരിശോധന) നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, കണ്ണൂർ, കയ്യൂർ എന്നീ 7 ഐ.ടി.ഐകളുടെ സ്ട്രക്ചറൽ ഡ്രോയിംഗിന്റെ വെറ്റിംഗ് (സൂക്ഷ്മ പരിശോധന) നടപടികൾ തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ധനുവച്ചപുരം ഐ.ടി.ഐയുടെ പ്രോജക്റ്റിന്റെ ടെണ്ടർ |

| | | |
|---|---|---|
| | | ഐ.ടി.ഐയുടെ പ്രോജക്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൊയിലാണ്ടി ഐ.ടി.ഐയുടെ പ്രോജക്ട് ടെണ്ടർ ചെയ്തിട്ടുണ്ട്. മലമ്പുഴ ഐ.ടി.ഐയുടെ പ്രോജക്ടിന് സാങ്കേതിക അനുമതി ലഭ്യമാക്കി KIIFB പോർട്ടലിലേക്ക് അംഗീകാരത്തിനായി അപ് ലോഡ് ചെയ്തിട്ടുണ്ട്.<br><br>ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ:ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി. ഐകളെ ഇന്റർ നാഷണൽ ഐ.ടി.ഐകളാക്കു ന്നതിന്റെ ഭാഗമായി ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| **(ബി)** പ്രാദേശിക വ്യവസായങ്ങൾക്ക് ആവശ്യമായ വൈദഗ്ദ്ധ്യമുള്ളവരെ പരിശീലിപ്പിച്ചെടുക്കുകയെന്ന ഉദ്ദേശ്യത്തോടെയുള്ള മാതൃക ഐ.ടി.ഐ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | | **(ബി)** കളമശ്ശേരി ഐ.ടി.ഐ.യെ മാതൃക ഐ.ടി.ഐ. ആയി തിരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി മാർച്ച് 2020 ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| **(സി)** നിശ്ചിത മാനദണ്ഡപ്രകാരമുള്ള ഉപകരണങ്ങളും യന്ത്രങ്ങളും അടി സ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി ഐ.ടി.ഐ.കളിലെ ഓരോ ട്രേഡിനും എൻ.സി.വി.ടി. അംഗീകാരം നേടിയെടു ക്കുന്നതിന് നടത്തുന്ന പ്രവർത്തനത്തെ ക്കുറിച്ച് വിശദമാക്കാമോ; | | (സി) എൻ.സി.വി.ടി. യുടെ നിലവിലുള്ള അഫിലിയേഷൻ മാനദണ്ഡം അനുസരിച്ച് ഒരോ ട്രേഡിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങളായ യന്ത്രോപകരണങ്ങൾ, വൈദ്യുതി, വർക്ക്ഷോപ്പ്, തിയറി ക്ലാസ്സുകൾ എന്നിവയുടെ വിസ്തീർണ്ണം എന്നിവയെ NSQF സിലബസിൽ പ്രതിപാദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇതിനായി അനുവദിക്കുന്ന തുകയിൽ നിന്നുകൊണ്ട് ടി ഭൗതിക സാഹചര്യം ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ഡി)** ഈ സർക്കാർ അധികാരത്തിലെ ത്തിയതിനുശേഷം പുതുതായി എവിടെ യൊക്കെ ഐ.ടി.ഐ..കൾ ആരംഭിക്കു വാൻ വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും അതിന്റെ | | (ഡി)സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ |

പുരോഗതിയും അറിയിക്കാമോ?

ജില്ലകളിലായി 17 പുതിയ ഐ.ടി.ഐ കൾ ആരംഭിച്ചിട്ടുണ്ട് .ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഐ ടി ഐ യുടെ പേര് | ജില്ല |
|---|---|---|
| 1 | വാമനപുരം | തിരുവനന്തപുരം |
| 2 | പെരുമാട്ടി | പാലക്കാട് |
| 3 | പേരാമ്പ്ര | കോഴിക്കോട് |
| 4 | പടിയൂർ | കണ്ണൂർ |
| 5 | പിണറായി | കണ്ണൂർ |
| 6 | കൊട്ടാരക്കര | കൊല്ലം |
| 7 | കോടോം ബേളൂർ | കാസർഗോഡ് |
| 8 | ചാത്തമംഗലം | കോഴിക്കോട് |
| 9 | വർക്കല | തിരുവനന്തപുരം |
| 10 | മയ്യനാട് | കൊല്ലം |
| 11 | ചിത്തിരപുരം | ഇടുക്കി |
| 12 | കുറ്റിക്കോൽ | കാസർഗോഡ് |
| 13 | ചടയമംഗലം | കൊല്ലം |
| 14 | പീലിക്കോട് | കാസർഗോഡ് |
| 15 | പന്ന്യന്നൂർ | കണ്ണൂർ |
| 16 | വെള്ളമുണ്ട | വയനാട് |
| 17 | തുറവൂർ | എറണാകുളം |

2020 - 21 സാമ്പത്തിക വർഷത്തിൽ വാഴക്കാട്, കുളത്തുപ്പുഴ, പോരുവഴി, ഏലപ്പാറ, കരുണാപുരം എന്നിവിടങ്ങളിൽ പുതുതായി ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള ശുപാർശ പരിഗണിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ